ആനക്കോട്ട: ക്യാമറ നിരോധനം പിൻവലിച്ചു

ഗുരുവായൂർ: ആനത്താവളത്തിലെ ക്യാമറ നിരോധനം പിൻവലിച്ചു. ഒക്ടോബർ ഒന്ന് മുതൽ സന്ദർശകർക്ക് ആനത്താവളത്തിൽ ഫോട്ടോ എടുക്കാം. സാധാരണ ക്യാമറക്ക് 100 രൂപയും വീഡിയോ ക്യാമറയ്ക്ക് 1000 രൂപയും അടക്കണം.

മൊബൈൽ ക്യാമറ ഉപയോഗിക്കാനും 100 രൂപ നൽകണം. നാല് വർഷമായി തുടരുന്ന ക്യാമറ നിരോധനം നീക്കാൻ ചൊവ്വാഴ്ച ചേർന്ന ദേവസ്വം ഭരണസമിതിയാണ് തീരുമാനിച്ചത്. ആനത്താവളത്തിലെ പുന്നത്തൂർ കോട്ട നവീകരിക്കാനും ഭരണസമിതി തീരുമാനിച്ചു.

പുന്നത്തൂർ ക്ഷേത്രത്തിന്റെ നവീകരണവും ഇതോടൊപ്പം നടത്തും. യോഗത്തിൽ ചെയർമാൻ കെ.ബി.മോഹൻദാസ് അധ്യക്ഷത വഹിച്ചു.

ചിത്രകലാ ക്യാമ്പ്

തൃശൂർ: കേരള ലളിതകലാ അക്കാദമി കൊല്ലം 8 പോയിന്റ് ആർട്ട് കഫേയുമായി സഹകരിച്ച് ചിത്രപ്രദർശനം സംഘടിപ്പിക്കുന്നു. 28 ന് വൈകുന്നേരം അഞ്ചിന് 8 പോയിന്റ് ആർട്ട് കഫേയിൽ എം.എൽ.എ. മുകേഷ് പ്രദർശനം ഉദ്ഘാടനം ചെയ്യും. വർഷം ഋതു ചിത്രകലാ ക്യാമ്പിൽ പ്രദർശിപ്പിച്ചിരുന്ന സൃഷ്ടികളാണ് പ്രദർശനത്തിലുള്ളത്.

സാപ്ഗ്രീൻ കലാകൂട്ടായ്മയുടെ സഹകരണത്തോടെ അടുത്ത് ഓഗസ്റ്റ് ആദ്യവാരമാണ് വർഷകാലത്തു ചിത്രകലാ ക്യാമ്പ് സംഘടിപ്പിച്ചിരുന്നത്. അക്കാദമി സെക്രട്ടറി പൊന്ന്യം ചന്ദ്രൻ അധ്യക്ഷത വഹിക്കുന്ന ചടങ്ങിൽ കൊല്ലം മേയർ അഡ്വ. വി. രാജേന്ദ്രബാബു വിശിഷ്ടാതിഥിയായിരിക്കും. 8 പോയിന്റ് ആർട്ട് കഫേ ഡയറക്ടർ ഷെൽലി, കൊല്ലം കോർപ്പറേഷൻ കൗൺസിലർ ഹണി ബെഞ്ചമിൻ, സാപ്ഗ്രീൻ പ്രസിഡന്റ് പ്രമോദ് കുരമ്പാല എന്നിവർ പങ്കെടുക്കും.

അനിൽ അഷ്ടമുടി, കെ.ജി. അനിൽകുമാർ, ബിന്ദു ബേബി, ബിന്ദു കൊട്ടാരക്കര, ബൈജു എളംപള്ളിൽ, ഗോപിദാസ് എ.കെ., ഗ്രേസി ഫിലിപ്പ്, ജയപ്രകാശ് പഴയിടം, ലിൻസി സാമുവൽ, മനോജ് മത്തശ്ശേരിൽ, നിസരി രാജൻ, പ്രകാശ് ആർ., പ്രമോദ് കുരമ്പാല, പ്രശാന്ത് ഒപ്പീര, ടി. ആർ. രാജേഷ്, സജയ കുമാർ വി., സംഗീത് ശിവൻ, ശാലിനി അലക്സ്, ശരത്. ആർ. സതീഷ്, ഷെൽലി, ശ്രീജിത്ത് വി.സി., ഉഷ, തോമസ് കുരിയൻ, വാണി എൻ. എം., വിക്ടോറിയ എ.എം. എന്നിവരുടെ ചിത്രങ്ങളാണ് പ്രദർശനത്തിലുള്ളത്. ഒക്ടോബർ 15 വരെയാണ് പ്രദർശനം.

അധ്യാപക ഒഴിവ്

വലപ്പാട്: വലപ്പാട് ഗവ. വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂളിലെ ഹൈസ്കൂൾ വിഭാഗത്തിൽ താൽക്കാലിക ഇംഗ്ലീഷ് അധ്യാപക ഒഴിവിലേക്കായുള്ള കൂടിക്കാഴ്ച 2-10-18ന് ഉച്ചതിരിഞ്ഞ് മൂന്നിന് സ്കൂൾ ഓഫീസിൽ നടത്തുന്നു. യോഗ്യരായ ഉദ്യോഗാർഥികൾ അസൽ സർട്ടിഫിക്കറ്റുകളുമായി എത്തണം.

'പെൻഷൻ: അപാകത തീർക്കണം'

തൃശൂർ: സാധാരണക്കാരായ ആളുകളുടെ ഏക ആശ്രയമായ സാമൂഹ്യ ക്ഷേമപെൻഷനുകളുടെ വിതരണത്തിലെ അപാകം ഉടനെ പരിഹരിക്കണമെന്ന് യൂത്ത് കോൺഗ്രസ് സംസ്ഥാന ജന. സെക്രട്ടറി സുനിൽ ലാലൂർ. തെറ്റായ രേഖകളുണ്ടാക്കി പാവപ്പെട്ടവരെ വഞ്ചിച്ച ഉദ്യോഗസ്ഥർക്ക് എതിരേ നടപടിയെടുക്കണമെന്ന് പ്രസ്താവനയിൽ മേയറോട് ആവശ്യപ്പെട്ടു. ജീവിച്ചിരിക്കുന്നവരെ പരേതരാക്കുന്ന കോർപ്പറേഷൻ ഉദ്യോഗസ്ഥരുടെയും ഭരണാധികാരികളുടെയും നടപടി മൂലം പലരും കണ്ണീരിലായിരിക്കുകയാണ്. കോർപ്പറേഷൻ പരിധിയിൽ മാത്രം 6000 ൽ പരം ആളുകൾ പുറത്തായി. സൈക്കിളിൽ പോലും വരാൻ കഴിയാത്തവർക്ക് ഇന്നോവ കാർ ഉണ്ടെന്നു വരുത്തിയാണ് വെട്ടിമാറ്റൽ. ഈ നടപടികൾ പുനഃപരിശോധിക്കണമെന്ന് ആവശ്യപ്പെട്ടു.

ചക്കംകണ്ടം ട്രീറ്റ്മെന്റ് പ്ലാന്റ്

കോടികളുടെ അഴിമതിക്ക് നീക്കം

ചാവക്കാട്: വാട്ടർ അതോറിറ്റി ഉദ്യോഗസ്ഥർ തന്നെ കാരണക്കാരായി കരുതുന്ന ഗുരുവായൂർ അഴുക്കുചാൽ പദ്ധതിയുടെ ചക്കംകണ്ടത്തെ ട്രീറ്റ്മെന്റ് പ്ലാന്റിന്റെ പേരിൽ കോടികളുടെ അഴിമതിക്ക് കളമൊരുങ്ങി. 2013 ൽ 5.61 കോടി രൂപ എസ്റ്റിമേറ്റിൽ തുടങ്ങിയ പദ്ധതിക്ക് 20 ചെലവാക്കിയിട്ടും പൂർത്തിയായില്ല. ഗുരുവായൂരിലെ മലിനജലം പൈപ്പ് വഴി ചക്കംകണ്ടത്തെത്തിച്ചു ട്രീറ്റ്മെന്റ് പ്ലാന്റിൽ സംസ്കരിച്ച് ശുദ്ധജലമാക്കാൻ വിഭാവനം ചെയ്തതാണു പദ്ധതി. സാങ്കേതികമായും ശാസ്ത്രീയമായും പദ്ധതി പരാജയമാണെന്നറിഞ്ഞിട്ടും പദ്ധതി കമ്മിഷൻ ചെയ്യാനൊരുങ്ങുന്നതാണ് അഴിമതിക്ക് വഴിയൊരുക്കുന്നത്. ഗുരുവായൂർ സ്വദേശിയും പൊതുപ്രവർത്തകനുമായ നിഖിൽ ജി. കൃഷ്ണൻ വിവരാവകാശ നിയമപ്രകാരം തേടിയ രേഖകളിൽ വാട്ടർ അതോറിറ്റി നൽകിയ വിവരങ്ങൾ കോടികളുടെ അഴിമതി നടക്കുന്നതെന്നതിന്റെ വിവരങ്ങളാണുള്ളതെന്നു പൗരാവകാശ വേദി ചെയർമാൻ നൗഷാദ് തെക്കുംപുറം, സെക്രട്ടറി കെ.യു. കാർത്തികേയൻ എന്നിവർ ആരോപിച്ചു.

വിവരാവകാശ നിയമപ്രകാരം വാട്ടർ അതോറിറ്റിയിൽനിന്നും ലഭിച്ച മറുപടിയിൽ 95 ശതമാനം പണിയും 2016ൽ പൂർത്തികരിച്ചെന്നു പറയുന്നു. ബാക്കി വരുന്ന അഞ്ചു ശതമാനം പണി എട്ടു വർഷം കഴിഞ്ഞിട്ടും പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടില്ല എന്ന് പറഞ്ഞാൽ ഒരിക്കലും ഈ പ്ലാന്റ് വിജയിക്കില്ല എന്ന് വാട്ടർ അതോറിറ്റി തന്നെ സമ്മതിക്കുന്നതിനു തുല്യമാണ്. മാത്രമല്ല കരാറുകാരൻ പണി പൂർത്തീകരിക്കാതെ തന്നെ 95 ശതമാനം പണി പൂർത്തികരിച്ചെന്ന് ഫയലിൽ രേഖപ്പെടുത്തി ഉദ്യോഗസ്ഥരുടെ പിന്തുണയോടെ വൻ വെട്ടിപ്പും അഴിമതിയുമാണ് അഴുക്കുചാൽ പദ്ധതിയുടെ നിർമാണത്തിന്റെ മറവിൽ നടന്നിട്ടുള്ളതെന്ന് വ്യക്തമാണ്. ഇത് സംബന്ധിച്ച് വിജിലൻസ് അന്വേഷണത്തിന് സർക്കാർ ഉത്തരവിടണമെന്നും പൗരാവകാശ വേദി ആവശ്യപ്പെട്ടു.

നിലവിൽ വലിയതോടിലൂടെയും ചെറിയ തോടിലൂടെയും ഒഴുകിയെത്തുന്ന കക്കൂസ് മാലിന്യമടക്കമുള്ള മാലിന്യങ്ങൾ ചക്കംകണ്ടത്ത് കുമിഞ്ഞുകൂടി മേഖലയിലെ ജനങ്ങളുടെ ജീവിതം ദുസ്സഹമായി. ഉദ്യോഗസ്ഥരുടെ അനാസ്ഥക്കെതിരെ നിയമപോരാട്ടം തുടരുകയാണ് പൗരാവകാശ വേദി. പ്ലാന്റിന്റെ തുരുമ്പെടുത്ത മെഷിനറികളും പൈപ്പുകളും ഉപയോഗശൂന്യമായാണ് കിടക്കുന്നത്.

പകുതിപോലും നിർമാണം പൂർത്തിയാകാത്ത ചക്കംകണ്ടം ട്രീറ്റ്മെന്റ് പ്ലാന്റിന്റെ കമ്മിഷൻ തിരക്കിട്ടു നടത്തി ജനങ്ങളുടെ കണ്ണിൽ പൊടിയിടാനുള്ള നീക്കം നടക്കുന്നതായും ഭാരവാഹികൾ ആരോപിച്ചു. ഗുരുവായൂരിന്റെ വികസനത്തിനായുള്ള അമൃതം പദ്ധതിയിൽ വേറെ രണ്ട് മാലിന്യ സംസ്കരണ പദ്ധതി വിഭാവനം ചെയ്തതും ചക്കംകണ്ടം പ്ലാന്റ് ഗുണകരമാകില്ലെന്നതിന്റെ തെളിവാണെന്നും പൗരാവകാശവേദി ആരോപിച്ചു.

ബസ് യാത്രയ്ക്കിടെ 1,10,000 രൂപ കവർന്നു

കുന്നംകുളം: തൃശൂരിലെ ബജാജ് ഇൻഷുറൻസ് കമ്പനിയിൽ അടയ്ക്കാൻ കൊണ്ടുപോയ 1,10,000 രൂപ ബസ് യാത്രയ്ക്കിടെ പോക്കറ്റടിച്ചു. കുന്നംകുളത്തു നിന്നും തൃശൂരിലേക്കുള്ള ലിമിറ്റഡ് സ്റ്റോപ്പ് ബസ് യാത്രക്കിടെയാണ് പണം കവർന്നത്. കാട്ടകാമ്പാൽ അറുവായി കോട്ടപ്പുറത്ത് മുരുകേശന്റെ (38) പണമാണ് നഷ്ടപ്പെട്ടത്. ഇന്നലെ രാവിലെ 8.30 നാണ് മുരുകേശൻ കുന്നംകുളം ബസ് സ്റ്റാൻഡിൽനിന്ന് തൃശൂരിലേക്ക് ലിമിറ്റഡ് സ്റ്റോപ്പ് ബസിൽ കയറിയത്. പണം പ്ലാസ്റ്റിക് കവറിലാണ് സൂക്ഷിച്ചിരുന്നത്. പുഴക്കലെത്തി കവർ പരിശോധിച്ചപ്പോഴാണ് പണം നഷ്ടപ്പെട്ട വിവരം മനസിലാക്കിയത്.

പ്ലാസ്റ്റിക് കവറിന്റെ ഒരു ഭാഗം ബ്ലേഡ് ഉപയോഗിച്ച് മുറിച്ചാണ് പണം കവർന്നിട്ടുള്ളത്. വാഹന വായ്പ അടയ്ക്കാനാണ് ഇയാൾ പണവുമായി പോയിരുന്നത്. ഉടൻ തന്നെ പുഴക്കലിൽനിന്ന് കുന്നംകുളത്തെത്തി ബസ് സ്റ്റാൻഡിലും പരിസരത്തും തെരച്ചിൽ നടത്തിയെങ്കിലും ഫലമുണ്ടായില്ല. തുടർന്ന് കുന്നംകുളം പോലീസിൽ പരാതി നൽകി.

കാറിൽ കഞ്ചാവ് കടത്ത്; യുവാക്കൾ അറസ്റ്റിൽ

• കഞ്ചാവ് ഉപേക്ഷിച്ച് രക്ഷപ്പെടുകയായിരുന്ന സംഘത്തെ കോട്ടേക്കുളത്തു വെച്ച് നാട്ടുകാർ തടഞ്ഞപ്പോൾ

വടക്കഞ്ചേരി: കാറിൽ കഞ്ചാവുമായി വരുന്നതിനിടെ രണ്ടു യുവാക്കളെ പോലീസ് സാഹസികമായി പിന്തുടർന്ന് പിടികൂടി. കൊഴിഞ്ഞാമ്പാറ മണിമുത്ത് നഗറിൽ സമർ (21), പാലക്കാട് പള്ളിപ്പുറം പെരുംകര ഈച്ചിങ്ങൽ വീട്ടിൽ അബ്ബാസ് (34) എന്നിവരാണ് അറസ്റ്റിലായത്. ഇവരിൽ നിന്നും ഒരു കിലോ നൂറ് ഗ്രാം കഞ്ചാവും 16,500 രൂപയും, അഞ്ച് മൊബൈൽ ഫോണും, ഒരു കാറും പോലീസ് പിടിച്ചെടുത്തു. ചൊവ്വാഴ്ച രാവിലെ എട്ടരയോടെ വടക്കഞ്ചേരി ആമക്കുളത്ത് പോലീസ് തടഞ്ഞ വാഹനം നിർത്താതെ പോകുകയായിരുന്നു. തുടർന്ന് ഹൈവേ പോലീസിന്റെ സഹായത്തോടെ കാറിനെ പിന്തുടർന്ന് കോട്ടേക്കുളത്ത് വച്ച് കാറിനെ പിടികൂടുകയായിരുന്നു.

പോലീസ് വിവരമറിയിച്ചതിനെ തുടർന്ന് കോട്ടേക്കുളത്തെ ചുമട്ടു തൊഴിലാളികളും നാട്ടുകാരും ചേർന്ന് കാറിനെ തടഞ്ഞ് നിർത്തുകയായിരുന്നു. അറസ്റ്റിലായ സമർ മുൻപ് വടക്കഞ്ചേരി കാരങ്കാട്ടിലായിരുന്നു താമസം. ഇയാളുടെ പേരിൽ വിവിധ സ്റ്റേഷനുകളിലായി നാല് കേസുകൾ നിലവിലുണ്ട്. അബ്ബാസിന്റെ പേരിൽ കൊലപാതകമുൾപ്പെടെ എട്ട് കേസുകളുണ്ട്. പഴനിയിൽ നിന്നുമാണ് കഞ്ചാവ് കൊണ്ടു വന്നത്. 18,000 രൂപയ്ക്കാണ് വാങ്ങിയതെന്ന് പറയുന്നു. ഈ മേഖലയിലെ സ്കൂൾ, കോളജ് വിദ്യാർഥികൾക്ക് കഞ്ചാവ് കൊടുക്കുന്നതിൽ പ്രധാനികളാണിവർ.

ഒരു ചെറിയ പൊതിയ്ക്ക് 300 രൂപയാണ് വില. ആവശ്യക്കാർ പറയുന്ന സ്ഥലങ്ങളിൽ സാധനങ്ങൾ എത്തിച്ചു കൊടുക്കുകയാണ് പതിവ്. വടക്കഞ്ചേരി സി.ഐ. എ. ദീപകുമാർ, എസ്.ഐ.മാരായ മുഹമ്മദ് കാസിം, ഗോപകുമാർ സി.പി.ഒമാരായ ഉമേഷ്, വിനു, ഇനീഷ് ബോബൻ എന്നിവരുടെ നേതൃത്വത്തിലുള്ള സംഘമാണ് പ്രതികളെ അറസ്റ്റ് ചെയ്തത്.

കുടുക്കിയത് സിനിമാ സ്റ്റൈലിൽ

• പ്രതികളായ സമർ, അബ്ബാസ്.

വടക്കഞ്ചേരി: ദിവസങ്ങളായി അന്വേഷിച്ചു കൊണ്ടിരുന്ന കഞ്ചാവ് കടത്തു സംഘത്തെ പോലീസ് കുടുക്കിയത് സിനിമ സ്റ്റൈലിൽ. വടക്കഞ്ചേരിയിൽ ഇന്നലെ രാവിലെ നടത്തിയ വാഹന പരിശോധനക്കിടെയാണ് കഞ്ചാവ് സംഘത്തിന്റെ വാഹനം പോലീസിന്റെ മുന്നിൽ പെട്ടത്.

പരിശോധനയ്ക്കായി കാർ നിർത്താൻ പോകുകയാണെന്ന വ്യാജേന കാറിലുണ്ടായിരുന്ന രണ്ടു പേർ അമിതവേഗതയിൽ ദേശീയപാതയിലേക്ക് വാഹനം ഓടിച്ചു പോവുകയായിരുന്നു. ഇതിനിടെ കാറിലുണ്ടായിരുന്നവർ കഞ്ചാവ് പൊതി റോഡിനു വശത്തുള്ള ചെടികൾക്ക് ഇടയിലേക്ക് വലിച്ചെറിഞ്ഞു. തുടർന്നാണ് കാറുമായി ആലത്തൂർ ഭാഗത്തേക്ക് അമിത വേഗതയിൽ പോയത്. പുറകെ പോലീസും പാഞ്ഞു. ആലത്തൂർ എത്തിയ സംഘം കാറുമായി പിറ്റിലഞ്ചേരി വഴിക്ക് തിരിഞ്ഞു. ഇതിനിടയിൽ പോലീസ് മറ്റ് സ്റ്റേഷനുകളിലേക്കും വിവരം നൽകി. കോട്ടേക്കുളത്ത് ഒരു പോലീസുകാരൻ ഡ്യൂട്ടിക്ക് ഇറങ്ങാൻ നിൽക്കെയാണ് വിവരം ലഭിച്ചത്. തുടർന്ന് അദ്ദേഹവും ചുമട്ടുതൊഴിലാളികളും നാട്ടുകാരും ചേർന്ന് ബൈക്ക് വെച്ച് വാഹനങ്ങൾ തടഞ്ഞു. അപ്പോഴാണ് നമ്പർ ഇല്ലാതെ വന്ന കാർ മുൻപിൽ പെട്ടത്.

ആ കാറിൽ നിന്നും ഇറങ്ങി ഓടാൻ ശ്രമിക്കുന്നതിനിടയിലാണ് രണ്ട് പേരെയും ചുമട്ടു തൊഴിലാളികളും നാട്ടുകാരും ചേർന്ന് പിടികൂടിയത്. അപ്പോഴേക്കും പോലീസ് സംഘവും എത്തി. ഇവരെ കീഴ്പ്പെടുത്തുന്നതിനിടയിൽ ഒരു ചുമട്ടു തൊഴിലാളിക്ക് പ്രതിയുടെ കടിയേറ്റു. തുടർന്ന് നടന്ന ചോദ്യം ചെയ്യലിലാണ് കഞ്ചാവ് കടത്തുകയാണെന്നുള്ള വിവരം ലഭിച്ചത്.

"ലോങ്ങ്-ടേം പ്ലാനിങ്ങ് ചെയ്യാനാണോ."

MUTUALFUNDS ശരിയാണ്

മ്യൂച്ച്വൽ ഫണ്ട്സ് നിങ്ങൾക്ക് എത്രമാത്രം ശരിയാണ് എന്നറിയുവാൻ:
- സന്ദർശിക്കുക mutualfundssahihai.com
- ഇന്നുതന്നെ അടുത്തുള്ള മ്യൂച്ച്വൽ ഫണ്ട് ഓഫീസ് സന്ദർശിക്കുക അല്ലെങ്കിൽ ഒരു മ്യൂച്ച്വൽ ഫണ്ട് ഡിസ്ട്രിബ്യൂട്ടറുമായോ ഫൈനാൻഷ്യൽ അഡ്വൈസറുമായോ ബന്ധപ്പെടുക

@mutualfundssahihai | @MFSahiHai | Mutual Funds Sahi Hai

മ്യൂച്ച്വൽ ഫണ്ട് നിക്ഷേപങ്ങൾ വിപണിയിലെ റിസ്കുകൾക്ക് വിധേയമാണ്, സ്കീമുമായി ബന്ധപ്പെട്ട എല്ലാ രേഖകളും ശ്രദ്ധിച്ച് വായിക്കുക.

AMFI

2218.2017H

ഫിനിക്സ് എആർസി പ്രൈവറ്റ് ലിമിറ്റഡ്

രജി. ഓഫീസ് : ഡാനി കോർപ്പറേറ്റ് പാർക്ക്, 5-ാം നില, 158, സി.എസ്.ടി റോഡ്, കലിന,
സാന്താക്രൂസ് (ഇ) മുംബൈ-400098, ടെലി: 022-6741 2314
ഫാക്സ് : 022-6741 2313, CIN:U67190MH2007PTC168303
E-mail: info@phoenixarc.co.in, Website: phoenixarc.co.in

മുതൽ ഓൺലൈൻ ഇ–ലേല/വിൽപന

[illegible] https://www.bankeauctions.com [illegible]

വായ്പക്കാരന്റെ പേര്	[illegible]
ജാമ്യക്കാരുടെ പേര്	(1) ശ്രീമതി. [illegible], (2) [illegible], (3) ശ്രീമതി. [illegible], (4) [illegible]
കുടിശിക തുക	Rs. 1,18,83,107.61 [illegible] 15.01.2016 [illegible] 16.01.2016 [illegible]
2002-ലെ സർഫാസി ആക്റ്റിൽ പ്രകാരം കൈവശപ്പെടുത്തിയത്	ലോട്ട് 1 - [illegible] 28.10.2016 ലോട്ട് 2 - [illegible] 17.02.2017 ലോട്ട് 3 - [illegible] 17.02.2017
പരിശോധനാ തീയതി	ലോട്ട് 1 - 08.10.2018 (തിങ്കൾ) 11 എ.എം.നും 1-നും ഇടയ്ക്ക്. ലോട്ട് 2 - 08.10.2018 (തിങ്കൾ) 2 പി.എം.നും 4 പി.എം.നും ഇടയിൽ ലോട്ട് 3 - 08.10.2018 (തിങ്കൾ) 4.30 - 6.30 പി.എം.
ബിഡ്/ഇ-ലേലം സമർപ്പിക്കേണ്ട അവസാന ദിവസം	2018 നവംബർ ഒന്ന് വ്യാഴം 4.30 പി.എം.ന് മുമ്പ്. [illegible]
നിരതദ്രവ്യം	[illegible] RTGS വഴി "PHOENIX TRUST FY 17B" [illegible] IFSC Code: [illegible] EMD തുക ലോട്ട് 1. Rs. 7,00,000 [illegible] ലോട്ട് 2. Rs. 11,05,000 [illegible] ലോട്ട് 3. Rs. [illegible]
കരുതൽ തുക	ലോട്ട് നമ്പർ 1. Rs. 70,00,000 [illegible] ലോട്ട് നമ്പർ 2. Rs. 1,10,50,000 [illegible] ലോട്ട് നമ്പർ 3. Rs. [illegible]
ലേല വർധന	Rs. 10,000 (പതിനായിരം രൂപ) [illegible]
ഇ-ലേല തീയതി	02.11.2018 (വെള്ളിയാഴ്ച) 11 എ.എം.നും 12-നും ഇടയ്ക്ക്.
ലേല രീതി	ഓൺലൈൻ ഇ-ലേലം

[illegible]

ഇ-ലേല വ്യവസ്ഥകൾ

[illegible]

സ്ഥലം: പാലക്കാട് / തൃശൂർ
തീയതി: 26-09-2018

(ഒപ്പ്) [illegible]
ഫിനിക്സ് ARC പ്രൈവറ്റ് ലിമിറ്റഡ് [illegible] FY17-B.